## പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1385** — **15-06-2012 ൽ മറുപടിയ്ക്ക്**

### ഒരു നെല്ലും മീനും പദ്ധതി

**ചോദ്യം**

ശ്രീ.പി.തിലോത്തമൻ

**മറുപടി**

ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) മുൻകാലങ്ങളിൽ നടപ്പിലാക്കിയിരുന്ന 'ഒരു നെല്ലും മീനും' പദ്ധതി ഇപ്പോഴും നിലവിലുണ്ടോ ; ഇതിനുവേണ്ടി എന്തെല്ലാം സഹായങ്ങൾ നിലവിൽ നൽകിവരുന്നുണ്ട് എന്ന് വ്യക്തമാക്കാമോ ; | (എ) 'ഒരു നെല്ലും മീനും പദ്ധതി ' ഇപ്പോൾ കൃഷിവകുപ്പ് വഴി നടപ്പിലാക്കുന്നില്ല. 'ഒരു നെല്ലും മീനും പദ്ധതി ' കുട്ടനാട്ടിലെ പാരിസ്ഥിതിക സൗഹൃദനെൽ/മത്സ്യകൃഷിയുടെ സമഗ്ര വികസനത്തിനായി അഡാക്ക് മുഖേന 7220.956 ലക്ഷം രൂപ വകയിരുത്തി 5 വർഷക്കാല പ്രോജക്ട് (2003- 2008) ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു. |
| (ബി) തുറവൂർ കരിനില ഏജൻസിയിൽ 'ഒരു നെല്ലും മീനും പദ്ധതി 'അട്ടിമറിക്കപ്പെടുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; തേനാട്, 16-ാം മൈൽ, 19-ാം മൈൽ എന്നിവിടങ്ങളിലെ ബണ്ടുകൾ സുരക്ഷിതമാക്കി 'ഒരു നെല്ലും മീനും പദ്ധതി ' സുരക്ഷിതമായി നടപ്പിലാക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ? | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജില്ലാ ഭരണകൂടത്തിന്റെ സാന്നിദ്ധ്യത്തിൽ വിവിധ പാടശേഖര കമ്മിറ്റികളുടേയും ജനകീയ സമിതികളുടേയും നേതൃത്വത്തിൽ ടി മേഖലകളിൽ നെൽകൃഷി ചെയ്യുന്നതിന് സാങ്കേതിക സാമ്പത്തിക സഹായങ്ങൾ നല്കി കൃഷി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ